(ബി) കേരളത്തിലെ 14 ആശുപത്രികൾക്ക് ഇതിനോടകം അക്രഡിറ്റേഷൻ ലഭിച്ചിട്ടുണ്ട്.

(സി) അക്രഡിറ്റേഷൻ നൽകുന്നതിന്റെ ഭാഗമായി ഈ ആശുപത്രികളിലെ എല്ലാ ജീവനക്കാർക്കും പരിശീലനം നൽകി. ആശുപത്രിയിലെ അണുബാധ നിയന്ത്രിക്കുന്നതിനുള്ള നടപടികൾ നടപ്പിലാക്കി. രോഗികൾക്കും ആശുപത്രി ജീവനക്കാർക്കും വേണ്ട സുരക്ഷാ നടപടികൾ സ്വീകരിച്ചു. ഇതുകൂടാതെ രോഗികൾക്ക് ആവശ്യമായ നിർദ്ദേശം നൽകുന്നതിനായി ബോർഡുകൾ സ്ഥാപിച്ചു. ടോക്കൺ സിസ്റ്റം നടപ്പിലാക്കി. രോഗികൾക്കായി കേസ് റിക്കോർഡുകൾ ഏകീകരിച്ചു. ലബോറട്ടറി പരിശോധനകളുടെ കൃത്യത ഉറപ്പുവരുത്തി. എല്ലാ രോഗനിർണ്ണയ ഉപകരണങ്ങളും കാലിബ്രേഷൻ നടത്തി.

ഇതുകൂടാതെ ആശുപത്രികളിൽ അറ്റകുറ്റപ്പണികൾ നടത്തി. ആശുപത്രി കെട്ടിടങ്ങൾ നവീകരിച്ചു. കേടായ ഉപകരണങ്ങൾ നന്നാക്കി. ബയോമെഡിക്കൽ മാലിന്യങ്ങൾ നിയമപ്രകാരം നിർമ്മാർജ്ജനം ചെയ്തു. വീൽചെയർ ട്രോളി തുടങ്ങിയവ രോഗികളുടെ ആവശ്യത്തിനായി സജ്ജമാക്കി. അഗ്നിശമന ഉപകരണങ്ങൾ സ്ഥാപിച്ചു. രോഗികൾക്ക് ശുദ്ധമായ കുടിവെള്ളം നൽകുന്നതിന് നടപടി സ്വീകരിച്ചു. ഗുണനിലവാര പ്രവർത്തനങ്ങൾ ഉറപ്പുവരുത്തുന്നതിനായി തുടർച്ചയായി സംസ്ഥാനതലത്തിലും ജില്ലാതലത്തിലും മേൽനോട്ടം നടത്തിവരുന്നു.

(ഡി) എൻ.ആർ.എച്ച്.എം.-ന്റെ നേതൃത്വത്തിൽ ക്വാളിറ്റി അഷ്വറൻസ് വിഭാഗം രൂപീകരിച്ചു. സംസ്ഥാന ആരോഗ്യ കുടുംബക്ഷേമ സൊസൈറ്റിയും ജില്ലാതല ആരോഗ്യ കുടുംബക്ഷേമ സൊസൈറ്റിയും അക്രഡിറ്റേഷൻ ലഭിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ അവലോകനം ചെയ്യുന്നു. ഇതുകൂടാതെ ജില്ലാതലത്തിൽ ക്വാളിറ്റി അഷ്വറൻസ് ഓഫീസറെ നിയമിച്ചിട്ടുണ്ട്.

ആശുപത്രികളിൽ അക്രഡിറ്റേഷൻ പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിനായി ആശുപത്രി സൂപ്രണ്ടിന്റെ നേതൃത്വത്തിൽ ഒരു കോർ കമ്മിറ്റി രൂപീകരിച്ചു. ഇതുകൂടാതെ വിവിധ വിഭാഗങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനായി വിവിധ കമ്മിറ്റികൾ രൂപീകരിച്ച് പ്രവർത്തനം നടത്തിവരുന്നു.

പി.എച്ച്.സി. മുതൽ മെഡിക്കൽ കോളേജ് വരെയുള്ള സ്ഥാപനങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്താൻ നടപടി

3 (6708) ശ്രീ. മോൻസ് ജോസഫ് :
ശ്രീ. തോമസ് ഉണ്ണിയാടൻ :
ശ്രീ. സി. എഫ്. തോമസ് :
ശ്രീ. റ്റി. യു. കുരുവിള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പി.എച്ച്.സി. മുതൽ മെഡിക്കൽ കോളേജ് ആശുപത്രിവരെ ജീവനക്കാർ കൃത്യമായി ജോലിയിൽ ഹാജരാകുന്നത് നിരീക്ഷിക്കുവാനും

LIBRARY ARCHIVES Kerala Legislative Assembly

ആവശ്യമായ ഔഷധങ്ങൾ ആശുപത്രികളിൽ ഉണ്ടെന്ന് ഉറപ്പുവരുത്തുവാനും മരുന്നിന്റെ വിതരണത്തിലെ പാളിച്ചകൾ പരിഹരിക്കുവാനും എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ :

(ബി) ക്രമാതീതമായി വർദ്ധിച്ചുവരുന്ന ജീവിതശൈലീ രോഗങ്ങളെ പ്രതിരോധിക്കുന്നതിനും വ്യക്തിശുചിത്വവും പരിസര ശുചിത്വവും പാലിക്കേണ്ടതിന്റെ ആവശ്യകതയെ കുറിച്ചും ആറ് മാസത്തിൽ ഒരിക്കൽ ഗവൺമെന്റ് ആശുപത്രിയോട് ചേർന്നുള്ള സന്നദ്ധ സംഘടനകളുടെ സഹകരണത്തോടെ ബോധവൽക്കരണ സെമിനാറുകളും മെഡിക്കൽ ക്യാമ്പുകളും സംഘടിപ്പിക്കുമോയെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിനുകീഴിലുള്ള സർക്കാർ മെഡിക്കൽ കോളേജ് ആശുപത്രികൾ ഉൾപ്പെടെയുള്ള സ്ഥാപനങ്ങളിൽ പഞ്ചിംഗ് സമ്പ്രദായം നടപ്പിലാക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. ഇതിലൂടെ ജീവനക്കാരുടെ ഹാജർ നിരീക്ഷിക്കാനാകും. അവശ്യ മരുന്നുൾപ്പെടെയുള്ള മരുന്നുകൾ ഉണ്ടെന്ന് ഉറപ്പുവരുത്താനും മരുന്ന് വിതരണം കാര്യക്ഷമമായി നടപ്പിലാക്കാനും കെ.എം.എസ്.സി.എൽ.-മായി സഹകരിച്ച് പ്രവർത്തിക്കുന്നുണ്ട്. കെ.എം.എസ്.സി.എൽ. മുഖാന്തിരമാണ് എല്ലാ സർക്കാർ മെഡിക്കൽ കോളേജുകളിലും മരുന്ന് വിതരണം നടത്തുന്നത്. ആരോഗ്യ വകുപ്പിന്റെ കീഴിലുള്ള സ്ഥാപനങ്ങളിലെ ജീവനക്കാർ കൃത്യമായി ജോലിയ്ക്ക് ഹാജരാകുന്നുണ്ടെന്ന് ഉറപ്പുവരുത്തേണ്ട ചുമതല അതാത് സ്ഥാപന മേധാവികൾക്കാണ്. കൂടാതെ, എല്ലാ ജില്ലാ മെഡിക്കൽ ആഫീസർമാരും ആരോഗ്യ വകുപ്പിന്റെ വിജിലൻസ് വിഭാഗവും മിന്നൽ പരിശോധന നടത്തുകയും അനധികൃതമായി ജോലിയ്ക്ക് ഹാജരാകാത്ത ജീവനക്കാർക്കെതിരെ നടപടിയെടുക്കുകയും ചെയ്യാറുണ്ട്. സർക്കാർ ആശുപത്രികളിൽ ജീവൻ രക്ഷാ മരുന്നുകൾ എല്ലാംതന്നെ ലഭ്യമാണ്. ജീവിതശൈലീ രോഗങ്ങൾക്കുവേണ്ടിയുള്ള മരുന്നുകളുടെ ദൗർലഭ്യം പരിഹരിക്കാൻ ആശുപത്രി മേധാവികൾക്ക് RSBY Fund വിനിയോഗിച്ചു കൊണ്ട്, local purchase ചെയ്യുവാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. ഇതുകൂടാതെ സർക്കാർ ഒരു കോടി രൂപ മരുന്നിന്റെ ദൗർലഭ്യം പരിഹരിക്കുന്നതിനായി ആരോഗ്യ വകുപ്പിന് നൽകിയിട്ടുണ്ട്.

(ബി) മാറിവരുന്ന ജീവിതസാഹചര്യങ്ങൾക്കനുസൃതമായി ജീവിത ശൈലീ രോഗങ്ങൾ വർദ്ധിച്ചുവരുന്നതായാണ് കണക്കുകൾ സൂചിപ്പിക്കുന്നത്. ആഹാരക്രമത്തിൽ വന്ന പാശ്ചാത്യവത്ക്കരണം, വ്യായാമക്കുറവ്, ഉയർന്ന മാനസിക സമ്മർദ്ദം, മദ്യം, മയക്കുമരുന്ന്, പുകയില തുടങ്ങിയ ശീലങ്ങളോടുള്ള ആസക്തി എന്നിവ നമ്മുടെ സമൂഹത്തിനെ ജീവിതശൈലീ രോഗങ്ങളുടെ പിടിയിലേക്ക് എത്തിച്ചിരിക്കുകയാണ്. ഇതിനെ ഫലപ്രദമായി നിയന്ത്രിക്കുന്നതിനായി സംസ്ഥാന ആരോഗ്യ വകുപ്പ് നടപ്പിലാക്കിയ 'അമൃതം ആരോഗ്യം' പദ്ധതിവഴി രോഗനിർണ്ണയവും ചികിത്സയും മരുന്നുവിതരണവും

LIBRARY ARCHIVES Kerala Legislative Assembly

നൽകുന്നതോടൊപ്പം ബോധവൽക്കരണ പ്രവർത്തനങ്ങൾ നടത്തുന്നതിനും ഊന്നൽ നൽകുന്നു. അച്ചടി മാധ്യമങ്ങളിലൂടെയും ദൃശ്യശ്രവ്യ മാധ്യമങ്ങളിലൂടെയും ജീവിതശൈലീ രോഗങ്ങൾക്കെതിരെയുള്ള ബോധവൽക്കരണ ക്ലാസ്സുകൾ, സെമിനാറുകൾ പരസ്യങ്ങൾ തുടങ്ങിയവ നടത്തിവരുന്നു. ഇങ്ങനെ സംഘടിപ്പിക്കുന്ന ബോധവത്ക്കരണ പ്രവർത്തനങ്ങളിൽ മറ്റ് വിവിധ വകുപ്പുകളുടേയും സന്നദ്ധ സംഘടനകളുടെയും സഹകരണം ആരോഗ്യ വകുപ്പ് സ്വീകരിച്ചുവരുന്നു.

പന്ത്രണ്ടാം പദ്ധതിയിൽ ആരോഗ്യമേഖലയ്ക്കായി അനുവദിച്ച തുക

4 (6709) ശ്രീ. കെ. രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പന്ത്രണ്ടാം പദ്ധതിയുടെ ആദ്യവർഷം ആരോഗ്യമേഖലയ്ക്കായി നീക്കിവച്ച തുക എത്രയാണെന്നും അതിന്റെ വകുപ്പു തിരിച്ചുള്ള വിശദാംശങ്ങളും ലഭ്യമാക്കാമോ ;

(ബി) നീക്കിവച്ച തുകയിൽ വിനിയോഗിച്ചത് എത്രയാണെന്നും അതിന്റെ വിശദാംശങ്ങളും ലഭ്യമാക്കാമോ ;

(സി) പന്ത്രണ്ടാം പദ്ധതിയുടെ രണ്ടാം വർഷം ഈ മേഖലയിൽ നീക്കിവച്ച തുകയുടെയും അനുവദിച്ച തുകയുടെയും അതിൽ വിനിയോഗിച്ച തുകയുടെയും വിശദാംശങ്ങൾ വകുപ്പ് തിരിച്ച് പറയാമോ ;

(ഡി) ഈ കാലത്ത് ഏതെങ്കിലും പദ്ധതികളിൽ കുറവു വരുത്തുകയോ നീക്കിവച്ച സംഖ്യയുടെ വിനിയോഗം ഒഴിവാക്കുകയോ ചെയ്തിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ ;

(ഇ) ഏതെങ്കിലും പദ്ധതിക്കുവേണ്ടി അനുവദിച്ച തുകയേക്കാൾ കൂടുതൽ ചെലവഴിച്ചിട്ടുണ്ടെങ്കിൽ അതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ ?

ഉത്തരം

(എ) പന്ത്രണ്ടാം പദ്ധതിയുടെ ആദ്യവർഷം ആരോഗ്യ മേഖലയ്ക്കായി നീക്കിവച്ച തുക താഴെ ചേർക്കുന്നു:

ക്രമനമ്പർ	വകുപ്പ്	രൂപ (ലക്ഷത്തിൽ)
1	ആരോഗ്യ വകുപ്പ്	21634.25
2	മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ്	7410.00
3	ഭാരതീയ ചികിത്സാ വകുപ്പ്	1665.00
4	ഹോമിയോപ്പതി വകുപ്പ്	1720.00

LIBRARY ARCHIVES Kerala Legislative Assembly